സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 62 2025 മെയ് 21 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കനത്ത മഴയിൽ നിശ്ചലമായി മുംബൈ: ഗതാഗതകുരുക്ക് രൂക്ഷം

പൂണെ: കനത്ത മഴയെ തുടർന്ന് മുംബൈ, പൂണെ ഉൾപ്പെടെ മഹാരാഷ്ട്രയുടെ പല ഭാഗങ്ങളിലും ഗതാഗതക്കുരുക്ക് രൂക്ഷം. മഴയിൽ നഗരത്തിലെ പല ഭാഗങ്ങളിലും റോഡിൽ വെള്ളക്കെട്ട് രൂപപ്പെട്ടതിനാലും മരം വീണതിനാലും ഗതാഗതം തടസ്സപ്പെടുകയുണ്ടായി.ശക്തമായ മഴ കണക്കിലെടുത്ത് സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ കാലാവസ്ഥാ വകുപ്പ് യെല്ലോ അലേർട്ട്, ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. മുംബൈയിലെ പ്രധാന സ്ഥലങ്ങളായ അന്ധേരി, പൊവായ് തുടങ്ങിയ ഇടങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായി. കനത്ത മഴ പൂണെ വിമാനത്താവളത്തിലും പ്രതിസന്ധികൾ സൃഷ്ടിച്ചു. രത്നഗിരി ജില്ലയിൽ റെയിൽവേ ട്രാക്കിലുണ്ടായ മണ്ണിടിച്ചിൽ കൊങ്കൺ റെയിൽവേ ലൈനിൽ കാലതാമസം ഉണ്ടാക്കി.

സ്മാർട്ട് റോഡിന് പണം ചെലവഴിച്ചത് തദ്ദേശവകുപ്പ്, ക്രെഡിറ്റ് പൊതുമരാമത്തിന്

മന്ത്രി രാജേഷ് അതൃപ്തി അറിയിച്ചതോടെ മുഖ്യമന്ത്രി പിന്മാറി

തിരു: തലസ്ഥാനത്തെ സ്മാർട്ട് റോഡ് ഉദ്ഘാടന ചടങ്ങിൽ നിന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പിന്മാറിയതിന് പിന്നിലെ കാരണം തദ്ദേശ, പൊതുമരാമത്ത് വകുപ്പ് മന്ത്രിമാർ തമ്മിലുള്ള തർക്കമാണെന്ന് റിപ്പോർട്ട്. പണം ചെലവഴിച്ച തദ്ദേശ വകുപ്പിനെ പൂർണമായും ഒഴിവാക്കി പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് പദ്ധതിയുടെ ക്രെഡിറ്റ് അടിച്ചുമാറ്റാൻ ശ്രമിച്ചതാണ് തർക്കത്തിന് കാരണം. ഇക്കാര്യം തദ്ദേശവകുപ്പ് മന്ത്രി എംബി രാജേഷ് നേരിട്ട് അറിയിച്ചതോടെ മുഖ്യമന്ത്രി ഉദ്ഘാടന ചടങ്ങിൽ നിന്ന് വിട്ടുനിന്നെന്നാണ് വിവരം.

എന്നാൽ ഇക്കാര്യം മുഖ്യമന്ത്രി നിഷേധിച്ചിട്ടുണ്ട്. ചടങ്ങിൽ പങ്കെടുക്കാത്തത് അനാരോഗ്യം കാരണമാണെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. ഇപ്പോഴത്തെ പ്രചാരണം സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ശോഭ കെടുത്താനാണെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് നൽകിയ വിശദീകരണത്തിൽ പറയുന്നു. നൂതന രീതിയിലും ആധുനിക നിലവാരത്തിലും നിർമ്മിച്ച സ്മാർട്ട് റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നുകൊടുത്തെങ്കിലും ഉദ്ഘാടനം നടത്തിയിരുന്നില്ല.

പൊതുമരാമത്ത് മന്ത്രിയുടെയും മുഖ്യമന്ത്രിയുടേയും ഫ്ളക്സുകളും ഉൾപ്പെടുത്തി നഗരത്തിൽ വലിയ പ്രചാരണമാണ് ഉദ്ഘാടനത്തിന് മുമ്പ് നടന്നത്. കേന്ദ്ര സർക്കാർ പദ്ധതിയാണെങ്കിലും പണം ചെലവഴിക്കുന്നത് സംസ്ഥാന സർക്കാരും തദ്ദേശ സ്ഥാപനവും സംയുക്തമായാണ്. 200 കോടി ചെലവിൽ റോഡ് പണിതപ്പോൾ 80 കോടി കേന്ദ്ര സർക്കാർ ഫണ്ട്. ബാക്കി 80 കോടി പോയത് തദ്ദേശ ഭരണ വകുപ്പിന്റെ അക്കൗണ്ടിൽ നിന്നായിരുന്നു. കോർപ്പറേഷൻ 40 കോടി ചെലവാക്കി. ഇങ്ങനെയാണ് കാര്യങ്ങൾ എന്നിരിക്കെ 10 പൈസ പോലും ചെലവാക്കാത്ത പൊതുമരാമത്ത് വകുപ്പ് പദ്ധതിയുടെ ക്രെഡിറ്റ് എടുത്തതിലെ വിയോജിപ്പ് തദ്ദേശ മന്ത്രി എംബി രാജേഷ് നേരിട്ട് മുഖ്യമന്ത്രിയെ അറിയിച്ചെന്നാണ് വിവരം. ഇതോടെ മുഖ്യമന്ത്രി പരിശോധിക്കാമെന്ന് മറുപടി നൽകി പരിപാടി റദ്ദാക്കി ക്ലിഫ് ഹൗസിലേക്ക് മടങ്ങി.

അനാരോഗ്യം പറഞ്ഞാണ് മുഖ്യമന്ത്രി ചടങ്ങിൽ നിന്ന് വിട്ടുനിന്നത്. എന്നാൽ ഉദ്ഘാടന ദിവസം ഉച്ചവരെയും അടുത്ത ദിവസം രാവിലെ മുതൽ നിശ്ചയിച്ച പരിപാടികളിലെല്ലാം മുഖ്യമന്ത്രി പങ്കെടുക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ മരുമകൻ എന്ന പേരിൽ മുഹമ്മദ് റിയാസിന് വലിയ പരിഗണന ലഭിക്കുന്നെന്ന ആക്ഷേപം മുതിർന്ന പല നേതാക്കൾക്കുമുണ്ട്. വ്യവസായ വകുപ്പിന്റെ പദ്ധതി ഏകപക്ഷീയമായി ടൂറിസം വകുപ്പ് ഫയലാക്കിയതിലെ അമർഷം ഇതിന് മുൻപ് മന്ത്രി പി രാജീവും മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ടെന്നാണ് വിവരം.

സോണിയയും രാഹുലും 142 കോടി രൂപയുടെ കള്ളപ്പണം വെളുപ്പിച്ചെന്ന് ഇഡി

ന്യൂഡൽഹി: നാഷണൽ ഹെറാൾഡ് കേസിൽ കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധിക്കും രാഹുൽ ഗാന്ധിക്കുമെതിരേ തെളിവുകളുണ്ടെന്ന് ഇഡി. ഇവർ 142 കോടി രൂപയുടെ കള്ളപ്പണം വെളുപ്പിച്ചിട്ടുണ്ടെന്ന് ഇഡിയുടെ അഭിഭാഷകൻ കോടതിയിൽ വ്യക്തമാക്കി. നാഷണൽ ഹെറാൾഡ് പത്രവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഡൽഹി റൗസ് അവന്യൂ കോടതിയിൽ വാദം കേൾക്കുന്നതിനിടെയായിരുന്നു ഇഡിയുടെ പരാമർശം.

ഇഡി സമർപ്പിച്ച കുറ്റപത്രം പരിഗണിക്കുമ്പോഴാണ് ഏജൻസിക്കുവേണ്ടി ഹാജരായ എഎസ്ജി എസ് വി രാജു കോൺഗ്രസ് നേതാക്കൾ 142 കോടി രൂപയുടെ കള്ളപ്പണം വെളുപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയത്. പട്ടികയിൽ ഉൾപ്പെടുത്തിയ കുറ്റകൃത്യത്തിൽനിന്ന് നേടിയ സ്വത്തുക്കൾ മാത്രമല്ല, ഈ വരുമാനവുമായി ബന്ധമുള്ള മറ്റു കുറ്റകൃത്യങ്ങളിൽനിന്ന് ലഭിച്ച പണവും ഇതിൽ ഉൾപ്പെടുമെന്ന് എഎസ്ജി പറഞ്ഞു.

ഛത്തീസ്ഗഡിൽ സുരക്ഷാസേനയുമായി ഏറ്റുമുട്ടൽ

26 മാവോയിസ്റ്റുകളെ വധിച്ചു

റായ്പൂർ: ഛത്തീസ്ഗഡിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ 26 മാവോയിസ്റ്റുകളെ വധിച്ചു. ഛത്തീസ്ഗഡിലെ നാരായൺപൂർ ജില്ലയിൽ ഇന്നുരാവിലെയാണ് ആക്രമണമുണ്ടായത്. ജില്ലാ റിസർവ് ഗാർഡിൽ നിന്നുള്ള ജവാന്മാരാണ് (ഡിആർജി) അബുജ്മദ് മേഖലയിൽ നിന്നുള്ള മാവോയിസ്റ്റുകളുമായി ഏറ്റുമുട്ടിയത്.

അബുജ്മദ് മേഖലയിൽ മാവോയിസ്റ്റ് നേതാവ് ഒളിച്ചിരിക്കുന്നുവെന്ന രഹസ്യവിവരത്തെ തുടർന്ന് നാരായൺപൂർ, ദന്തേവാഡ, ബിജാപൂർ, കൊണ്ടഗോൻ എന്നിവിടങ്ങളിൽ നിന്ന് ഡിആർജി ജവാന്മാരെത്തി തെരച്ചിൽ നടത്തുകയായിരുന്നു. ഇതിനിടെയാണ് മാവോയിസ്റ്റ് ആക്രമണം ഉണ്ടായത്. ഇന്ത്യൻ സംസ്ഥാനമായ ഗോവയേക്കാൾ വലിപ്പമുള്ള പ്രദേശമാണ് അബുജ്മദ്.

ഛത്തീസ്ഗഡ്– തെലങ്കാന അതിർത്തിയിലായി കഴിഞ്ഞ മാസം 'ബ്ലക്ക് ഫോറസ്റ്റ്' എന്ന പേരിൽ സുരക്ഷാസേന നക്സൽ വിരുദ്ധ ഓപ്പറേഷൻ നടത്തിയതിന് പിന്നാലെയാണ് നാരായൺപൂരിൽ വീണ്ടും ഏറ്റുമുട്ടൽ ഉണ്ടായിരിക്കുന്നത്. 21 ദിവസത്തിനുശേഷം ഓപ്പറേഷൻ നിർത്തിവച്ചെങ്കിലും ഉന്നത മാവോയിസ്റ്റ് നേതാക്കളും അവരുടെ സായുധ സേനയായ പീപ്പിൾസ് ലിബറേഷൻ ഗറില്ല ആർമി അംഗങ്ങളും കൊല്ലപ്പെട്ടതായി ഉന്നത സൈനിക ഉദ്യോഗസ്ഥർ അറിയിച്ചിരുന്നു. കരെഗുട്ട കുന്നുകളിൽ ഹിദ്മ മാധ്വി ഉൾപ്പെടെയുള്ള ഉന്നത മാവോയിസ്റ്റ് നേതാക്കളെയും കമാൻഡർമാരെയും കണ്ടതായി സുരക്ഷാ ഏജൻസികൾക്ക് വിവരം ലഭിച്ചതിനെത്തുടർന്ന് ഏപ്രിൽ 21നാണ് സുരക്ഷാ സേന ഓപ്പറേഷൻ ആരംഭിച്ചത്. ഏറ്റുമുട്ടലിൽ ആകെ 31 മാവോയിസ്റ്റുകളെയാണ് അന്നത്തെ ഏറ്റുമുട്ടലിൽ വധിച്ചത്. ഇവരിൽ ഒരു 16കാരനും ഉൾപ്പെട്ടിരുന്നതായി റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു.

പുനഃപരിശോധന പൂർത്തിയാകുംവരെ ആരെയും ഒഴിപ്പിക്കില്ല

വഖഫിൽ ഇളവ് നൽകാമെന്ന് കേന്ദ്രം

ന്യൂഡൽഹി: നിയമപരമായ പുനഃപരിശോധന പൂർത്തിയാകുന്നത് വരെ ആരെയും വഖഫ് ഭൂമിയിൽ നിന്ന് ഒഴിപ്പിക്കില്ലെന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ. റജിസ്റ്റർ ചെയ്ത ഒരു വഖഫും അത് അല്ലാതെയാകില്ല. റവന്യൂ അന്വേഷണം നടക്കുമ്പോൾ വഖഫ് പദവി നഷ്ടമാകുമെന്നത് കോടതിക്ക് ഒഴിവാക്കാമെന്നും ഭേദഗതി നിയമത്തിനെതിരായി വന്ന ഹർജികൾ പരിഗണിക്കവേ കേന്ദ്രം സുപ്രീംകോടതിയിൽ വിശദീകരണം നൽകി. അതേസമയം, വഖഫ് നൽകിയതിൽ സർക്കാർ ഭൂമിയുണ്ടോയെന്ന് പരിശോധിക്കാൻ അവകാശമുണ്ടെന്നും കേന്ദ്രം നിലപാടെടുത്തു.

ചീഫ് ജസ്റ്റിസ് ബി.ആർ.ഗവായ്, ജസ്റ്റിസ് എ.ജി.മാസി എന്നിവരുടെ ബെഞ്ചാണ് വാദം കേൾക്കൽ തുടരുന്നത്. വാദം പൂർത്തിയായാൽ ഇടക്കാല ഉത്തരവുണ്ടാകും. നിയമം സ്റ്റേ ചെയ്യണമെന്നാണ് ഹർജിക്കാരുടെ വാദം. വഖ്ഫ് ബോർഡിൽ മുസ്ലിം ഇതര മതസ്ഥരെ നിയമിക്കുന്നതും വഖഫ് നൽകാൻ അഞ്ചുവർഷത്തെ മതവിശ്വാസം നിർബന്ധമാക്കിയതും മൗലിക അവകാശങ്ങളുടെ ലംഘനമാണെന്നും ഹർജിക്കാർ ഇന്നലെ വാദിച്ചിരുന്നു. ഭേദഗതി നിയമത്തിന്റെ 11 വകുപ്പുകൾ നിയമ വിരുദ്ധമാണെന്നും ഹർജിക്കാർ വാദിച്ചിരുന്നു. എന്നാൽ ഭേദഗതിയിൽ പ്രശ്നങ്ങളില്ലെന്നും നിയമം സ്റ്റേ ചെയ്യരുതെന്നുമാണ് കേന്ദ്ര സർക്കാരിന്റെ ആവശ്യം.

ലഷ്കർ സ്ഥാപകൻ അമീർ ഹംസയ്ക്ക് ഗുരുതരമായി പരിക്കേറ്റെന്ന് റിപ്പോർട്ട്



ന്യൂഡൽഹി: പാക് ഭീകരസംഘടനയായ ലഷ്കറെ തൊയ്ബയുടെ സ്ഥാപകരിലൊരാളായ അമീർ ഹംസയ്ക്ക് ഗുരുതരമായി പരിക്കേറ്റതായി റിപ്പോർട്ട്. ലാഹോറിലെ വീട്ടിൽവെച്ച് എന്തോ അപകടം സംഭവിച്ചെന്നും ഗുരുതരമായി പരിക്കേറ്റ അമീർ ഹംസ ആശുപത്രിയിൽ ചികിത്സയിലാണെന്നും ദേശീയമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

എങ്ങനെയാണ് അമീർ ഹംസയ്ക്ക് അപകടം സംഭവിച്ചതെന്നും പരിക്കേറ്റതെന്നും ഇതുവരെ വ്യക്തമല്ല. അതേസമയം, വീട്ടിൽവെച്ച് വെടിയേറ്റാണ് ഇയാൾക്ക് പരിക്കേറ്റതെന്ന് സാമൂഹികമാധ്യമങ്ങളിൽ അഭ്യൂഹമുണ്ട്. ചോരയിൽ കുളിച്ച് കിടക്കുന്ന അമീർ ഹംസയുടെ ചില ദൃശ്യങ്ങളും സാമൂഹികമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. എന്നാൽ, വെടിയേറ്റതാണെന്ന അഭ്യൂഹം ചില അന്വേഷണഉദ്യോഗസ്ഥർ തള്ളിക്കളഞ്ഞതായും റിപ്പോർട്ടുകളിൽ പറയുന്നു.

നിരോധിത ഭീകരസംഘടനയായ ലഷ്കറിന്റെ മുതിർന്ന നേതാക്കളിലൊരാളാണ് അമീർ ഹംസ. തീവ്രപ്രസംഗങ്ങളിലൂടെയും ലഷ്കറിന്റെ പ്രസിദ്ധീകരണങ്ങളിലൂടെയും ഇയാൾ കുപ്രസിദ്ധി നേടിയിരുന്നു. അമീർ ഹംസ ഉൾപ്പെടെയുള്ള 17 ഭീകരവാദികൾ ചേർന്നാണ് ലഷ്കറെ തൊയ്ബ സ്ഥാപിച്ചത്. ഭീകരസംഘടനയുടെ നേതൃത്വത്തിൽ പ്രധാനപങ്ക് വഹിച്ചിരുന്ന ഇയാൾ, ലഷ്കറിനായുള്ള പണം സ്വരൂപിക്കുന്നതിനും റിക്രൂട്ട്മെന്റിനും ഭീകരരെ വിട്ടയക്കാനുള്ള ചർച്ചകളിലും സജീവമായിരുന്നു.

2018–ൽ സാമ്പത്തികസഹായങ്ങൾ കുറഞ്ഞതോടെ ലഷ്കറുമായി അകലംപാലിച്ച അമീർ ഹംസ, ജെയ്ഷെ മൻഫാഖ എന്ന പേരിൽ മറ്റൊരു ഭീകരസംഘടന സ്ഥാപിച്ചിരുന്നു. ജമ്മു കശ്മീർ ഉൾപ്പെടെയുള്ള മേഖലയിൽ ഈ സംഘടന ഭീകരാക്രമണങ്ങൾ നടത്തിയിരുന്നതായാണ് റിപ്പോർട്ട്. പുതിയ ഭീകരസംഘടന രൂപവത്കരിച്ചെങ്കിലും അമീർ ഹംസ ലഷ്കർ നേതൃത്വവുമായി അടുത്തബന്ധം പുലർത്തിയിരുന്നതായും റിപ്പോർട്ടുകളിൽ പറയുന്നുണ്ട്.

ബുക്കർ പ്രൈസ്: ചരിത്രമെഴുതി ബാനു മുഷ്താഖ്

ലണ്ടൻ: കന്നഡ എഴുത്തുകാരിയും സാമൂഹിക പ്രവർത്തകയുമായ ബാനു മുഷ്താഖിന് ഇന്റർനാഷനൽ ബുക്കർ പ്രൈസ്. ദക്ഷിണേന്ത്യയിലെ സ്ത്രീകളുടെ ദൈനംദിന ജീവിതത്തെയും പോരാട്ടങ്ങളെയും വിവരിക്കുന്ന 12 ചെറുകഥകളുടെ സമാഹാരമായ 'ഹാർട്ട് ലാംപി'നാണ് ബാനു മുഷ്താഖ് പുരസ്കാരത്തിന് അർഹയായത്. 30 വർഷത്തിലേറെയായി എഴുതിയ കഥകളുടെ സമാഹാരമാണിത്. മറ്റു ഭാഷകളിൽ നിന്ന് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യപ്പെടുന്ന പുസ്തകങ്ങൾക്കാണു ബുക്കർ ഇന്റർനാഷനൽ പുരസ്കാരം ഏർപ്പെടുത്തിയത്. മാധ്യമപ്രവർത്തക കൂടിയായ ദീപ ബസ്തിയാണ് കഥാസമാഹാരം ഇംഗ്ലീഷിലേക്കു മൊഴിമാറ്റം നടത്തിയത്. 55 ലക്ഷം രൂപയാണ് സമ്മാനത്തുക രചയിതാവിനും വിവർത്തനം ചെയ്യുന്നയാൾക്കും ഈ തുക പങ്കിട്ടുനൽകും. ഓരോരുത്തർക്കും ഒരു ട്രോഫിയും സമ്മാനമായി നൽകും.

കിടപ്പിലായ അമ്മയെ മദ്യലഹരിയിൽ ആക്രമിച്ച് മകൻ, ചവിട്ടിക്കൊന്നു

തിരു : മദ്യലഹരിയിൽ മകൻ അമ്മയെ ചവിട്ടിക്കൊന്നു. തേക്കട ഭൂതകുഴി പുത്തൻവീട്ടിൽ ഓമന(75)യെയാണ് മകൻ സന്തോഷ് എന്ന മണികണ്ഠൻ (50) മർദിച്ച് കൊലപ്പെടുത്തിയത്. പ്രതിയെ വട്ടപ്പാറ പോലീസ് അറസ്റ്റ് ചെയ്തു.

ചൊവ്വാഴ്ച രാത്രി 7.30–ഓടെ മദ്യപിച്ചെത്തിയ സന്തോഷ് ഓമനയെ മർദിക്കുകയും ചവിട്ടി പരിക്കേൽപ്പിക്കുകയുമായിരുന്നു. തുടർന്ന് പത്തുമണിയോടെ ഓമനയെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും 11.30–ന് മരണം സംഭവിച്ചു.

മദ്യപിക്കാനും പണയംവെച്ച ബൈക്ക് തിരികെയെടുക്കാനും പണം കൊടുക്കാത്തതിനാലാണ് സന്തോഷ് അമ്മയെ മർദിച്ചതെന്നാണ് നാട്ടുകാർ പറയുന്നത്. നേരത്തേ പലതവണ സന്തോഷ് ഓമനയെ മർദിച്ചിരുന്നു. ഇതിനെത്തുടർന്ന് മൂന്നുമാസമായി ഓമന കിടപ്പിലായിരുന്നു. കിടപ്പിലായിരുന്ന അമ്മയുടെ 2കാലും വലതുകൈയും സന്തോഷ് ചവിട്ടി ഒടിച്ചെന്നും പറയുന്നുണ്ട്.

അമ്മയെ മർദിച്ച് കൊലപ്പെടുത്തിയതിന് പിന്നാലെ വീടിന് സമീപത്തെ ഷെഡ്ഡും ഇയാൾ തകർത്തിരുന്നു. മദ്യലഹരിയിലെത്തുന്ന സന്തോഷ് വീട്ടിൽ പ്രശ്നങ്ങളുണ്ടാക്കുന്നത് പതിവാണ്. ഇതേത്തുടർന്ന് ഇയാളുടെ ഭാര്യയും മക്കളും മറ്റൊരുവീട്ടിലാണ് താമസം. മദ്യപിച്ച് സ്ഥിരം പ്രശ്നങ്ങളുണ്ടാക്കുന്നതിനാൽ നാട്ടുകാരും ഇടപെടാറുണ്ടായിരുന്നില്ല.

ക്ഷേമ പെൻഷൻ നൽകാൻ തുക അനുവദിച്ചു; ഒരു മാസത്തെ കുടിശ്ശികയും ലഭിക്കും

തൃശൂർ :ക്ഷേമ പെൻഷൻ നൽകാൻ തുക അനുവദിച്ചു. മെയ് മാസത്തെ പെൻഷനൊപ്പം ഒരു മാസത്തെ കുടിശ്ശികയും ലഭിക്കും.

ഈ മാസം 24 മുതൽ പെൻഷൻ ലഭിച്ചു തുടങ്ങും. ജൂൺ അഞ്ചിന് മുൻപ് പെൻഷൻ വിതരണം പൂർത്തിയാക്കാനാണ് നിർദ്ദേശം. ഇനി 2 മാസത്തെ കുടിശ്ശിക ബാക്കിയുണ്ട്.

പരസ്യ മദ്യപാനം ചോദ്യം ചെയ്തു; ബൈക്ക് തടഞ്ഞുനിർത്തി യുവാവിനെ അഞ്ചംഗ സംഘം കുത്തിക്കൊന്നു

കൊല്ലം: ബൈക്ക് തടഞ്ഞുനിർത്തി യുവാവിനെ കുത്തിക്കൊന്നു. മടത്തറ സ്വദേശി സുജിൻ (29) ആണ് കൊല്ലപ്പെട്ടത്. തുമ്പമൺതൊടി കാരക്കുന്നിന് സമീപമാണ് സംഭവം. സുജിന്റെ കൂടെയുണ്ടായിരുന്ന അനന്ദു എന്ന യുവാവിനും കുത്തേറ്റു.

സംഭവത്തിൽ തുമ്പമൺ തൊടി സ്വദേശികളായ വിവേക്, സൂര്യജിത്ത്, ലാലു എന്നറിയപ്പെടുന്ന ബിജു, മഹി, വിജയ് എന്നിവരെ പൊലീസ് കസ്റ്റഡിയിലെടുത്തു.

സമീപത്തെ ക്ഷേത്രത്തിലെ ഉത്സവത്തിനിടയുണ്ടായ തർക്കത്തിന് പുറമേ പ്രതികളുടെ പരസ്യ മദ്യപാനം ചോദ്യം ചെയ്തതും സുജിനോടുള്ള വൈരാഗ്യത്തിന് കാരണമായതെന്നാണ് എഫ്.ഐ.ആറിൽ പറയുന്നത്.

സുഹൃത്തുക്കളുമൊത്ത് കാരംസ് കളിച്ച് വീട്ടിലേക്ക് ബൈക്കിൽ മടങ്ങുംവഴിയാണ് ഒരു സംഘം ബൈക്ക് തടഞ്ഞത്. തുടർന്ന് സുജിന്റെ വയറിനും അനന്ദുവിന്റെ മുതുകിനും കുത്തുകയായിരുന്നു.

ഇരുട്ടിൽ മറഞ്ഞിരുന്ന് അപ്രതീക്ഷിതമായി പ്രതികൾ ആക്രമിച്ചുവെന്നാണ് കുത്തേറ്റ സുജിന്റെ സുഹൃത്ത് അനന്ദു നൽകിയ മൊഴി.

പ്രതികളെ ചിതറ പൊലീസ് കസ്റ്റഡിയിൽ എടുത്ത് വിശദമായി ചോദ്യം ചെയ്യുകയാണ്. കൊല നടന്ന സ്ഥലത്ത് നിന്നും കഞ്ചാവ് പൊതികളും പൊലീസ് കണ്ടെത്തിയിട്ടുണ്ട്. സുജിന്റെ മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടപടികൾക്ക് ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകും. പരിക്കേറ്റ അനന്ദു തിരുവന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്.

മകളെ കൊന്നത് കൃത്യമായ ആസൂത്രണത്തോടെ

ചെങ്ങമനാട് : മൂന്നരവയസുകാരിയെ ചാലക്കുടി പുഴയിലെറിഞ്ഞുകൊന്നത് സന്ധ്യ കൃത്യമായി ആസൂത്രണം ചെയ്തെന്ന് പോലീസ്. മകളെ കൊലപ്പെടുത്തണം എന്ന ലക്ഷ്യത്തോടുകൂടിയാണ് സന്ധ്യ അങ്കണവാടിയിലേക്ക് പോകുന്നതും ആദ്യം പെരിയാറിൽ തള്ളാനാണ് ലക്ഷ്യമിട്ടതെന്ന് പോലീസ് പറയുന്നു.

തൃശ്ശൂരും മലപ്പുറത്തും ദേശീയപാതയിൽ വിള്ളൽ; വിവിധയിടങ്ങളിൽ പ്രതിഷേധം

തൃശ്ശൂർ: ചാവക്കാട് ദേശീയപാതയിൽ വിള്ളൽ. മേൽപ്പാലത്തിന് മുകളിൽ ടാറിട്ട ഭാഗത്താണ് വിള്ളൽ. 50 മീറ്റർ നീളത്തിൽ രൂപപ്പെട്ട വിള്ളൽ ടാറും പൊടിയുമിട്ട് അടയ്ക്കാനും ശ്രമം നടന്നു. ഗതാഗതത്തിന് തുറന്നുകൊടുക്കാത്ത ഭാഗത്താണ് വിള്ളൽ കണ്ടത്.

ദേശീയ പാത നിർമാണത്തിലെ അപാകതകൾ ചൂണ്ടികാട്ടി പ്രദേശത്ത് യൂത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ പ്രതിഷേധിച്ചു. പ്രവർത്തകർ റോഡ് ഉപരോധിച്ചതോടെ ഗതാഗതം സ്തംഭിച്ചു. പ്രദേശത്ത് ഗതാഗത കുരുക്ക് രൂപപ്പെട്ടിട്ടുണ്ട്. പ്രതിഷേധക്കാരെ പോലീസ് അറസ്റ്റ് ചെയ്തുനീക്കി.

മലപ്പുറം കൂരിയാടിന് പിന്നാലെ മമ്മാലിപ്പടിയിലും ദേശീയ പാതയിൽ വിള്ളൽ രൂപപ്പെട്ടു. എടരിക്കോട്–മമ്മാലിപ്പടി വഴി കടന്നുപോകുന്ന പാതയിലാണ് വിള്ളൽ. റോഡിലും ഡിവൈഡറിലും വിള്ളൽ വീണു.

കണ്ണൂർ തളിപ്പറമ്പിലും ദേശീയപാത നിർമാണത്തിലെ അപാകത ആരോപിച്ച് നാട്ടുകാർ പ്രതിഷേധവുമായി രംഗത്തെത്തി. കുപ്പത്ത് നാട്ടുകാർ റോഡ് ഉപരോധിച്ചു. ചൊവ്വാഴ്ചത്തെ മഴയിൽ പണിനടക്കുന്ന ദേശീയ പാതയിൽനിന്ന് വീടുകളിലേക്ക് ചെളിയും മണ്ണും ഒഴുകിയിറങ്ങിയിരുന്നു. ഇത് ചൂണ്ടിക്കാട്ടിയാണ് പ്രതിഷേധം. സ്ത്രീകൾ ഉൾപ്പെടെ പ്രതിഷേധവുമായി രംഗത്തെത്തി. കളക്ടർ സ്ഥലത്തെത്താമെന്ന ഉറപ്പിനെ തുടർന്ന് താത്കാലികമായി നാട്ടുകാർ പ്രതിഷേധം അവസാനിപ്പിച്ചു.

നിരന്തരമായി ദേശീയപാതയിൽ അപാകതകൾ കണ്ടെത്തുന്നത് ജനങ്ങളിൽ വലിയ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. ഇതോടെയാണ് വിവിധ പ്രദേശങ്ങളിൽ പ്രതിഷേധവും ശക്തമായത്.

കാറ്റിലും മഴയിലും മരം കട പുഴകി വീണ് കോടതി വളപ്പിലെ വാഹനങ്ങൾക്ക് നാശം; കോടതി നടപടികൾ നിറുത്തി വച്ചു

ഇരിങ്ങാലക്കുട : മഴയിലും കാറ്റിലും മരം കട പുഴകി വീണ് ഇരിങ്ങാലക്കുട ഠാണാ മെയിൻ റോഡിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് കോടതി അങ്കണത്തിൽ പാർക്ക് ചെയ്തിരുന്ന നാല് കാറുകൾക്കും ഒരു ബൈക്കിനും ഭാഗിക നാശം. ഇന്ന് പതിന്നൊരയോടെ ആയിരുന്നു സംഭവം. ആർക്കും പരിക്കില്ല. കോടതി നടപടികൾക്ക് എത്തിയ അഭിഭാഷകരുടെയും കക്ഷികളുടെയും വാഹനങ്ങളാണ് അപകടത്തിൽ പെട്ടത്. ഇതേ സമയം കോടതി നടപടികൾ നടന്ന് കൊണ്ടിരിക്കുകയായിരുന്നു. ഇതേ തുടർന്ന് കോടതി നടപടികൾ നിറുത്തി വച്ചു. വിവരമറിയച്ചതിനെ തുടർന്ന് സ്ഥലത്ത് എത്തിയ അഗ്നിശമനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ മരം മുറിച്ച് മാറ്റാനുള്ള നടപടികൾ തുടരുകയാണ്. വർഷങ്ങളുടെ പഴക്കമുള്ള കോടതി കെട്ടിടത്തിനും നാശം സംഭവിച്ചിട്ടുള്ളതായി അഭിഭാഷകർ പറഞ്ഞു. അതേ സമയം അപകടാവസ്ഥയിലായ മരം മുറിച്ച് മാറ്റണമെന്ന് ആവശ്യപെട്ട് ഈ വർഷം മാർച്ചിൽ നഗരസഭയ്ക്ക് കോടതി അധികൃതർ കത്ത് നൽകിയിരുന്നതായും കോടതി സമുച്ചയം ഉൾപെടുന്ന കച്ചേരിവളപ്പ് കൂടൽമാണിക്യം ദേവസ്വത്തിന്റെ അധീനതയിൽ ഉള്ളതാണെന്നും വിഷയം സംബന്ധിച്ച് ദേവസ്വത്തിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നഗരസഭ അറിയിച്ചതായി അഭിഭാഷകർ സൂചിപ്പിച്ചു. വിവരമറിഞ്ഞ് പോലീസ് സംഘവും സ്ഥലത്ത് എത്തിയിരുന്നു

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

മഴക്കാലത്തെ നേരിടാൻ ജില്ലയിൽ വലിയ ജാഗ്രത വേണം: മന്ത്രി കെ. രാജൻ

തൃശൂർ: കാലവർഷം കനക്കുന്ന സാഹചര്യത്തിൽ ജില്ലയിൽ എല്ലാവരും വലിയ ജാഗ്രത പുലർത്തേണ്ടതുണ്ടെന്ന് റവന്യൂ, ഭവന നിർമാണ വകുപ്പ് മന്ത്രി കെ രാജൻ. മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കഴിഞ്ഞ കാലങ്ങളിൽ ജില്ലയനുഭവിച്ച മഴക്കാല ദുരിതങ്ങൾ എല്ലാവർക്കും പാഠമാകണം. ഒരാളുടെ പോലും ജീവനോ സ്വത്തിനോ അപകടം സംഭവിക്കാതിരിക്കാനുള്ള എല്ലാത്തരം മുൻകരുതലുകളും സ്വീകരിക്കണമെന്നും മന്ത്രി പറഞ്ഞു.

മുന്നൊരുക്കങ്ങളുടെ ഭാഗമായി ദേശീയപാതയിലെ ഇരുവശങ്ങളിലേയും ഗതാഗതം സുഗമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ദേശീയപാത അതോറിറ്റിക്ക് മന്ത്രി നിർദേശം നൽകി. മണ്ണിടിച്ചിൽ പോലുള്ള സാഹചര്യങ്ങളിൽ ജില്ലയിലെ മലയോര ഗതാഗത മേഖലയിൽ ഉണ്ടാവുന്ന അപകടങ്ങൾ തടയാനും വേണ്ട നടപടികൾ സ്വീകരിക്കണം.

മഴക്കാലത്ത് ഏറ്റവും കൂടുതൽ ഉണ്ടാവാൻ സാധ്യതയുള്ള ഡെങ്കിപ്പനി, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ രോഗങ്ങൾ ചെറുക്കുന്നതിന് മുന്നൊരുക്കങ്ങൾ സ്വീകരിക്കണം. പ്രതിരോധ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിന് ജില്ലയിലെ സർക്കാർ- സ്വകാര്യ ആശുപത്രികളുടെ യോഗം വിളിക്കാനും മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താനും ജില്ലാ മെഡിക്കൽ ഓഫീസർക്ക് മന്ത്രി നിർദ്ദേശം നൽകി.

ഡാമുകൾ തുറക്കുന്നതിൽ റൂൾ കർവുകൾ കൃത്യമായി പാലിക്കണം. ഒരു സാഹചര്യത്തിലും രാത്രികാലങ്ങളിൽ ഡാമുകൾ തുറക്കരുത്. ചാവക്കാട് ഉൾപ്പെടെയുള്ള ജില്ലയിലെ വിവിധ യിടങ്ങളിൽ 325-ഓളം ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജമാക്കുന്നതിനും ക്യാമ്പുകളിലെ പരിമിതികൾ പരിശോധിച്ച് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും മന്ത്രി നിർദേശിച്ചു.

വേനലവധി കഴിഞ്ഞ് സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിൽ സ്കൂളുകളുടേയും ദുരിതാശ്വാസ ക്യാമ്പുകളുടേയും ഫിറ്റ്നെസ് പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് യോഗത്തിൽ പങ്കെടുത്ത് കൊണ്ട് ഉന്നത വിദ്യാഭ്യാസ സാമൂഹികനീതി വകുപ്പ് മന്ത്രി ആർ ബിന്ദു പറഞ്ഞു.

കാലവർഷത്തിന് മുന്നോടിയായി എം എൽ എ മാരുടെ അധ്യക്ഷതയിൽ മണ്ഡലാടിസ്ഥാനത്തിൽ യോഗം ചേരണമെന്നും മന്ത്രി നിർദേശിച്ചു. ചാലക്കുടിപ്പുഴ അടക്കമുള്ള നദികളോട് ചേർന്ന് നിൽക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് നേരത്തെ അപകടമുന്നറിയിപ്പുകൾ നൽകുന്നതിന് വേണ്ട സംവിധാനങ്ങൾ ഒരുക്കണമെന്നും മന്ത്രി നിർദേശിച്ചു.

മഴക്കാല ദുരന്ത സാധ്യതാ മേഖലയായ അകമലയിലെ രണ്ട് കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനായി ഭൂമി കണ്ടെത്തി നൽകിയതായി ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ പറഞ്ഞു. മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി അപകടകരമായ അവസ്ഥയിലുള്ള മരങ്ങളും മരച്ചില്ലകളും മുറിച്ച് മാറ്റാൻ നിർദേശം നൽകിയതായി കളക്ടർ പറഞ്ഞു.

തദ്ദേശസ്വയംഭരണം, ഇറിഗേഷൻ എന്നീ വകുപ്പുകളുടെ അധീനതയിലുള്ള ഡ്രയിനേജ് സംവിധാനങ്ങൾ, ഓടകൾ, കൈത്തോടുകൾ, കൾവർട്ടുകൾ, കനാലുകൾ, ചാലുകൾ, പുഴകൾ എന്നിവയുടെ ശുചീകരണ പ്രവൃത്തികൾ മെയ് 30നകം പൂർത്തിയാക്കണം. ജില്ലയിലെ റോഡുകളുടെ സുരക്ഷ ഉറപ്പുവരുത്തണം. മഴക്കാലത്തിനു മുമ്പ് ദേശീയപാതയിലെ തടസങ്ങൾ ഒഴിവാക്കിയില്ലെങ്കിൽ ഉത്തരവാദികൾക്കെതിരെ ദുരന്തനിവാരണ നിയമപ്രകാരം കേസെടുക്കുമെന്ന് സിറ്റി പോലീസ് കമ്മീഷണർ ആർ. ഇളങ്കോ പറഞ്ഞു. ട്രാൻസ്ഫോമറുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, ഇലക്ട്രിക് ലൈനുകൾ, എന്നിവയുടെ സുരക്ഷാ ക്രമീകരണങ്ങളിൽ മഴക്കാലത്തിന് മുന്നോടിയായി കെ എസ് ഇ ബി നടപടിയെടുക്കണം. ട്രൈബൽ മേഖലയിലെ ജനങ്ങളുടെ സുരക്ഷ, ഓറഞ്ച് ബുക്ക് പ്രകാരമുള്ള മുന്നൊരുക്കങ്ങൾ, ആപ്താമിത്ര-സിവിൽ ഡിഫൻസ് തുടങ്ങിയ പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകരുടെ ലഭ്യത ഉറപ്പാക്കൽ തുടങ്ങിയ വിഷയങ്ങളും യോഗം ചർച്ചചെയ്തു.

എം എൽ എമാരായ സേവ്യർ ചിറ്റിലപ്പിള്ളി, ഇടി ടൈസൺ മാസ്റ്റർ, എഡിഎം ടി മുരളി, സബ് കളക്ടർ അഖിൽ വി മേനോൻ, അസിസ്റ്റന്റ് കളക്ടർ സ്വാതി റാത്തോർ, വിവിധ വകുപ്പ് തല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

വനിതാ കമ്മീഷൻ അദാലത്ത് നാളെ തൃശൂരിൽ

തൃശൂർ: കേരള വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന തൃശൂർ ജില്ലാതല അദാലത്ത് 2025 മേയ് 22 ന് നടക്കും. തൃശൂർ ടൗൺഹാളിൽ രാവിലെ 10ന് ആരംഭിക്കുന്ന അദാലത്തിൽ പുതിയ പരാതികളും സ്വീകരിക്കും.

ക്വട്ടേഷൻ ക്ഷണിക്കുന്നു

തൃശൂർ: 2025 - 2026 അധ്യയന വർഷത്തിൽ ശ്രീകൃഷ്ണ കോളേജിലെ കാന്റീൻ നടത്തിപ്പിനും ബോയ്സ് ഹോസ്റ്റൽ, ലെഡീസ് ഹോസ്റ്റൽ, മെസ്സ് നടത്തിപ്പിനും നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷൻ ക്ഷണിക്കുന്നു.

മുദ്രവെച്ച ക്വട്ടേഷൻ കവർ പ്രിൻസിപ്പൾ, ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ, അരിയന്നൂർ എന്ന വിലാസത്തിൽ 26ന05ന 2025 തീയ്യതി 11. മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.

ലാലേട്ടന് ജന്മദിനസമ്മാനം പ്ലാവിൻ തോട്ടത്തിലെ ചക്കചിത്രം ലോകത്തിലാദ്യമായി ചക്ക കൊണ്ടൊരു ചിത്രം

വിവിധ ഇനങ്ങളിലും നിറങ്ങളിലുമുള്ള ചക്കച്ചുള, ചക്കക്കുരു, ചക്കപ്പോള, ചക്കമടൽ, അങ്ങനെ ചക്കയുടെ വിവിധ ഭാഗങ്ങൾ കൂട്ടിചേർത്തപ്പോൾ ലാലേട്ടന്റെ മുഖം റെഡി - പശ്ചാത്തലത്തിൽ പച്ചയും മഞ്ഞയും ഓറഞ്ചും നിറങ്ങളിലുള്ള പ്ലാവിലകളും. അറുപത്തഞ്ചാം വയസ്സ് തികയുന്ന മലയാളത്തിന്റെ സൂപ്പർതാരം മോഹലാലിന്റെ ചിത്രം ചെയ്തിരിക്കുന്നതോ അറുപത്തഞ്ചു ഇനം പ്ലാവുകൾ ഉള്ള തോട്ടത്തിനു നടുവിലും ...

തൃശൂർ വേലൂരിലെ കുറുമാൽകുന്ന് വർഗ്ഗീസ് തരകൻറെ ആയുർ ജാക്ക് ഫാമിലാണ് ഡാവിഞ്ചി സുരേഷിന്റെ തൊണ്ണൂറ്റി ഏഴാം മീഡിയമായ ചക്കചിത്രം ജനിക്കുന്നത്

എട്ടടി വലുപ്പത്തിൽ രണ്ടടി ഉയരത്തിൽ ഒരു തട്ടുണ്ടാക്കി തുണി വിരിച്ചു അതിൽ മോഹൻലാലിന്റെ മുഖം സ്കെച്ച് ചെയ്ത് ആണ് ചക്ക ചുളകൾ നിരത്തുന്നത്. യു എൻ അവാർഡ് നേടിയ കേരളത്തിലെ ആദ്യത്തെ പ്ലാവിൻ തോട്ടമായ ആയുർ ജാക്ക് ഫാമിലെ തൊഴിലാളികളും ക്യാമാറമെൻ സിംബാദും സുഹൃത്തുക്കളായ റിയാസ് മാടവനയും സെയ്ത് ഷാഫിയും ആണ് ഡാവിഞ്ചി സുരേഷിന് സഹായികളായി ഉണ്ടായിരുന്നത്

അഞ്ചു മണിക്കൂർ സമയമാണ് ഇതിനായി ചിലവഴിച്ചത് ഏകദേശം ഇരുപതു ചക്കയോളം ഇതിനായി ഉപയോഗിച്ചു.

അപൂർവ്വമായി മാത്രം കിട്ടുന്ന ചുവന്ന ചക്കയാണ് ഈ ചിത്രം ചെയ്യാനുള്ള പ്രചോദനമായതെന്നും കേരളത്തിലെ വിവിധ സ്ഥലങ്ങളിലെ അന്വേഷണത്തിൽ ഒടുവിലാണ് ആയുർ ജാക്ക് ഫാമിലെ വർഗ്ഗീസ് തരകന്റെ സപ്പോർട്ടോടെ ചിത്രം പൂർത്തിയാക്കാൻ പറ്റിയതെന്നും ഡാവിഞ്ചി സുരേഷ് പറഞ്ഞു. വടക്കാഞ്ചേരി എം എൽ എ സേവ്യർ ചിറ്റിലപ്പള്ളി ചിത്രം കാണാനെത്തിയിരുന്നു

എൽഡിഎഫ് സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് യുഡിഎഫ് സംസ്ഥാനവ്യാപകമായി നടത്തുന്ന കരിദിനാചരണത്തിന്റെ ഭാഗമായി ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിൽ ഡിസിസി പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് കരികൊടി ഉയർത്തി.

ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്

തൃശ്ശൂർ: കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ നടത്തുന്ന തൊഴിൽ അധിഷ്ഠിത സ്കിൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. പ്ലസ്ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാം. ഒരു വർഷം, ആറു മാസം ദൈർഘ്യമുള്ള ഈ കോഴ്സുകൾ ചെയ്യുന്നതിലൂടെ ഇന്റേൺഷിപ്പും പ്ലേസ്മെന്റ് അസിസ്റ്റൻസും ലഭിക്കും. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 7994449314.

ഏകദിന പരിശീലന പരിപാടി

തൃശ്ശൂർ: കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കൂൺ കൃഷി എന്ന വിഷയത്തിൽ 2025 മെയ് 24ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു.

പരിശീലന ഫീസ് 300 രൂപ താല്പര്യമുള്ളവർ 9440483754 എന്ന നമ്പറിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

റൂബി ജൂബിലിയോടനുബന്ധിച്ച് നടത്തിയ സൗജന്യ മഹാ മെഡിക്കൽ ക്യാമ്പ്

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട കത്തീഡ്രൽ കെ.സി.വൈ. എം.ന്റെ റൂബി ജൂബിലിയോടനുബന്ധിച്ച്, മണപ്പുറം മാകെയർ ഡയഗ്നോസ്റ്റിക്സ് ആൻഡ് പോളിക്ലിനിക് ഇരിങ്ങാലക്കുടയോട് സംയുക്തമായി റാഫ 2K25 മഹാ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. പ്രസ്ത്യുത ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചത് ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ പിതാവ് ആയിരുന്നു. ഇരിങ്ങാലക്കുട കത്തീഡ്രൽ വികാരിയും കെ.സി.വൈ.എം. ഡയറക്ടറുമായ റെവ. ഫാ. ഡോ. ലാസർ കുറ്റിക്കാടൻ അധ്യക്ഷത അലങ്കരിച്ചു. മുഖ്യാതിഥിയായി കടന്ന് വന്ന് ആശംസ അർപ്പിച്ചത് മണപ്പുറം ഫൗണ്ടേഷൻ CSR ഹെഡ്, ശില്പ ട്രീസ സെബാസ്റ്റ്യൻ ആയിരുന്നു. 15ൽ പരം ഡിപ്പാർട്മെന്റിലെ ഡോക്ടർമാരുടെ സൗജന്യ സേവനം ഈ ക്യാമ്പിൽ ലഭ്യമായിരുന്നു. 350ലധികം ജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. കെ. സി. വൈ.എം. വർക്കിംഗ് ഡയറക്ടർ ഫാ. ബെൽഫിൻ കോപ്പുള്ളി, കെ.സി.വൈ.എം. പ്രസിഡന്റ് ഗോഡ്സൺ റോയ് നൊട്ടത്ത്, കെ.സി.വൈ.എം. അനിമേറ്റർ ജോസ് മാമ്പിള്ളി, റാഫ 2K25 കോർഡിനേറ്റർ സാൻജോ ഷൈജു കൂരൻ, മാകെയർ പോളിക്ലിനിക്കിലെ ഡോക്ടർസ്, നഴ്സ്മാർ, കെ.സി.വൈ.എം. കുടുംബാങ്കങ്ങൾ, എന്നിവരുടെ സാന്നിധ്യവും സഹകരണവും ഈ ക്യാമ്പിന്റെ വിജയത്തിലോട്ട് മുന്നോടിയായി.

വൈദ്യുതി കുടിശ്ശിക നോട്ടീസ്, കണക്കുകൾ വ്യക്തമല്ലെന്ന് കോടതി, കോർപ്പറേഷൻ സെക്രട്ടറിക്കെതിരെ വിധി

തൃശൂർ: കോർപ്പറേഷൻ, കുടിശ്ശിക നോട്ടീസ് നൽകിയതു് നിയമവിരുദ്ധമെന്ന് ആരോപിച്ച് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി.

തൃശൂർ വടക്കേ ബസ് സ്റ്റാൻഡിലെ ലോഡ്ജിങ്ങ് ഹൗസ് ഉടമ മാർട്ടിൻ തോമസ് ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം അസിസ്റ്റൻറ് സെക്രട്ടറിക്കെതിരെയും കോർപ്പറേഷൻ സെക്രട്ടറിക്കെതിരെയും ഇപ്രകാരം വിധിയായത്.

ഹർജിക്കാരന് കുടിശ്ശിക ആരോപിച്ച് 39641 രൂപയുടെ നോട്ടീസാണ് നൽകിയത്.2001 മാർച്ച് വരെയുള്ള സംഖ്യയാണ് നോട്ടീസ് പ്രകാരം ആവശ്യപ്പെട്ടിരുന്നത്. നോട്ടീസിൽ റീഡിംഗുകളോ കണക്കുകളോ പരാമർശിച്ചിട്ടില്ലാത്തതാകുന്നു. തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. കോർപ്പറേഷന്റെ ഭാഗത്തുനിന്ന് രണ്ട് സാക്ഷികളെ വിസ്തരിക്കുകയുണ്ടായി.എന്ന് മുതലുള്ള കുടിശ്ശികയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് പോലും വ്യക്തമാക്കുവാൻ അവർക്ക് കഴിഞ്ഞില്ല.

എതിർകക്ഷികളുടെ പ്രവൃത്തി സേവനത്തിലെ വീഴ്ചയാണെന്ന് കോടതി വിലയിരുത്തി. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി, തർക്കപ്പെട്ട നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരനെതിരെ യാതൊരു വിധ നടപടികളും സ്വീകരിക്കരുതെന്ന് കല്പിച്ചും, ചിലവിലേക്ക് 2000 രൂപ നൽകുവാനും കൽപ്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു.

ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

അഡ്മിഷൻ ആരംഭിച്ചു

തൃശൂർ: മാള കെ. കരുണാകരൻ സ്മാരക ഗവ. ഐ.ടി.ഐയിൽ ഐഎംസി യുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു മുതൽ യോഗ്യത ഉള്ളവർക്കു തൊഴിലധിഷ്ഠിത പ്ലേസ്മെന്റ് സപ്പോർട്ടോടുകൂടിയ ഡിപ്ലോമ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. പി.ജി ഡിപ്ലോമ ഇൻ എയർ കാർഗോ ഷിപ്പിംഗ് ആൻഡ് ലോജിസ്റ്റിക് മാനേജ്മെന്റ് ഡിപ്ലോമ ഇൻ എ.സി മെക്കാനിക്, ഇന്റർനാഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, എന്നീ കോഴ്സുക്കളിലേക്കാണ് അഡ്മിഷൻ ആരംഭിച്ചത്. ഇന്റസ്ട്രിയൽ വിസിറ്റ്, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം, വ്യക്തിത്വ വികസനം എന്നിവയിൽ പ്രത്യേക പരിശീലനം നൽകും. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 6282253312

യുവതി വീടിനകത്ത് തൂങ്ങിമരിച്ചു

പുതുക്കാട്: ചെങ്ങാലൂർ സ്വദേശി തോട്ടാൻ ആൽവിൻ ഭാര്യ എയ്ഞ്ചൽ മരിയ (28) വീടിനകത്ത് തൂങ്ങിമരിച്ചു. ഭർത്താവ് ദുബായിലാണ്. മക്കളില്ല. വിവാഹം കഴിഞ്ഞിട്ട് ഒന്നര കൊല്ലം ആയിട്ടുള്ളു. പുതുക്കാട് പോലീസ് മേൽ നടപടികൾ സ്വീകരിച്ചു മൃതദേഹം മെഡിക്കൽ കോളേജിലേക്ക് മാറ്റി. മരണകാരണം അറിവായിട്ടില്ല.

നിര്യാതനായി

ജോയി

കൊരട്ടി : വെളിയത്ത് പരേതനായ ഔസേപ്പ് മകൻ ജോയി (66) അന്തരിച്ചു. ഭാര്യ: ആനി (അങ്കമാലി അരീക്കൽ കുഞ്ഞുവറിത് മകൾ), മക്കൾ : ശില്പ, ജോസഫ്, പരേതനായ ജോൺസ്. മരുമകൻ: സിജോ പയ്യപ്പിള്ളി പുത്തൻചിറ. സംസ്കാരം ഇന്ന് വൈകീട്ട് 4.00ന് കോനൂർ സെന്റ്.ജോസഫ് ദേവാലയത്തിൽ.

സൂര്യഭാരതി കിരൺ ഭാരത് സ്കോളർഷിപ്പ് പദ്ധതിക്ക് അപേക്ഷിക്കാം

തൃശൂർ: സൂര്യഭാരതി ഫൗണ്ടേഷൻ വിദ്യാർഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യഭ്യാസ സേവനങ്ങൾ ഒരുക്കുന്നു. 'കിരൺ ഭാരത്' സ്കോളർഷിപ്പ് പദ്ധതി 2025, തൃശൂർ ജില്ലയിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കായി ആരംഭിക്കുന്നു. മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന നൂറു വിദ്യാർത്ഥികൾക്ക് മാസംതോറും സ്കോളർഷിപ്പ് തുക നൽകുന്നതോടൊപ്പം കരിയൻസ് ഗൈഡൻസ്ക്ലാസുകൾ, മോട്ടിവേഷണൽ ടോക്ക് ഷോകൾ, വിദ്യാർഥി കേന്ദ്രീകൃത പരിശീലന ക്യാമ്പുകൾ, വ്യക്തിത്വ വികസന ശില്പശാലകൾ, രക്ഷിതാക്കൾക്കായി പ്രത്യേക സെഷനുകൾ എന്നിങ്ങനെ ക്ളാസുകളും നൽകും. 2025-2026 വിദ്യഭ്യാസ വർഷത്തിൽ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ പത്താം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് പരീക്ഷ എഴുതാം. തൃശൂർ ജില്ലയിലെ പ്രത്യേക പരീക്ഷ കേന്ദ്രത്തിൽ നടത്തുന്ന മത്സര പരീക്ഷയിലൂടെ അർഹരായവരെ കണ്ടെത്തും. കേരള സ്റ്റേറ്റ് സിലബസിൽ ഒമ്പതാം ക്ലാസിലെ മാത്സ്, ഇംഗ്ലീഷ്, സയൻസ് എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഒബ്ജക്റ്റീവ് ടൈപ്പ് പരീക്ഷ എഴുതാം. ഒരു മണിക്കൂർ ദൈർഘ്യത്തിൽ 30 ചോദ്യങ്ങൾക്കാണ് ഉത്തരം എഴുതേണ്ടത്. ഗൂഗിൾ ഫോം വഴി ജൂൺ അഞ്ച് വരെ അപേക്ഷിക്കാം. ജൂൺ എട്ട് ആണ് പരീക്ഷാ തിയതി.

ഗതാഗതം നിയന്ത്രണം

തൃപ്രയാർ - കാഞ്ഞാണി - ചാവക്കാട് റോഡിൽ പൂവത്തൂർ സെന്റർ മുതൽ പഞ്ചാരമുക്ക് വരെ ബിഎം ആന്റ് ബിസി ടാറിങ് നടക്കുന്നതിനാൽ ഇന്ന് (മെയ് 21) മുതൽ 26 വരെ രാവിലെ ഏഴുമുതൽ വൈകിട്ട് ഏഴുവരെ ഗതാഗതം പൂർണമായും നിരോധിക്കുന്നതാണെന്ന് ചാവക്കാട് പൊതുമരാമത്ത് നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

ശക്തമായ മഴയിൽ കാറളം ഒന്നാം വാർഡിൽ നന്തി പ്രദേശത്ത് ഇടിഞ്ഞു വീണ കുരുതുകുളങ്ങര ജോഷിയുടെ വീട്

സംഗീത നാടക അക്കാദമിയിൽ ഇനി പ്രൊഫഷണൽ നാടകകാലം

തൃശൂർ: കേരള സംഗീത നാടക അക്കാദമിയിൽ മെയ് 26 മുതൽ 30 വരെ സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം നടക്കും.രൂപത്തിലും ഭാവത്തിലും നവീനത ഉൾക്കൊള്ളുന്ന,കലാമൂല്യത്തിന് മുൻഗണന നൽകിയ നാടകങ്ങളാണ് പ്രൊഫഷണൽ നാടകമത്സരത്തിൽ മാറ്റുരയ്ക്കുന്നത്.എല്ലാ ദിവസവും രാവിലെ10.30 നും വൈകീട്ട് ആറിനുമായി കെ.ടി.മുഹമ്മദ് തിയേറ്ററിൽ നാടകങ്ങൾ അരങ്ങേറും.മെയ് 26 രാവിലെ 9.30 ന് നാടകമത്സരം പ്രശസ്ത സിനിമാസംവിധായകൻ കമൽ ഉദ്ഘാടനം ചെയ്യും.ചെയർമാൻ മട്ടന്നൂർ ശങ്കരൻകുട്ടി അധ്യക്ഷത വഹിക്കും.അക്കാദമി നിർവ്വാഹക സമിതി അംഗം സഹീർ അലി സംസാരിക്കും.അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി സ്വാഗതവും അക്കാദമി പ്രോഗ്രാം ഓഫീസർ വി.കെ.അനിൽകുമാർ നന്ദിയും പറയും.

ആദ്യദിനം രാവിലെ 10.30 ന് കോഴിക്കോട് രംഗഭാഷയുടെ മിഠായിതെരുവ്,വൈകുന്നേരം ആറിന് ഉത്തമന്റെ സങ്കീർത്തനം എന്നീ നാടകങ്ങൾ അരങ്ങേറും.രണ്ടാംദിനമായ മെയ് 27 രാവിലെ 10.30 ന് കായംകുളം ദേവാകമ്മ്യൂണിക്കേഷൻ സിന്റെ വനിതാമെസ്സ്, വൈകുന്നേരം ആറിന് സഹൃദയാനന്ദിനി നടനസഭയുടെ റിപ്പോർട്ട് നമ്പർ 79 എന്നീ നാടകങ്ങളും അരങ്ങേറും.മൂന്നാംദിനമായ മെയ് 28 ന് വള്ളുവനാട് ബ്രഹ്മയുടെ വാഴ്വേമായം, വൈകുന്നേരം ആറിന് ഗാന്ധിഭവൻ തീയറ്റർ ഇന്ത്യയുടെ യാത്ര എന്നീ നാടകങ്ങൾ അരങ്ങേറും.നാലാംദിനമായ മെയ് 29 ന് രാവിലെ10.30 ന് സംഘകേളി അവതരിപ്പിക്കുന്ന ലക്ഷ്മണരേഖ,വൈകീട്ട് ആറിന് സാഹിതി തിയേറ്റേഴ്സ് തിരുവനന്തപുരത്തിന്റെ വൈക്കം മുഹമ്മദ് ബഷീറിന്റെ മുച്ചീട്ടുകളിക്കാരന്റെ മകൾ എന്നീ നാടകങ്ങൾ അരങ്ങേറും.അവസാനദിനമായ മെയ് 30 രാവിലെ 10.30 ന് ചങ്ങനാശ്ശേരി അണിയറയുടെ ഡ്രാക്കുള, വൈകീട്ട് ആറിന് കെ.പി.എ.സിയുടെ ഉമ്മാച്ചു എന്നീ നാടകങ്ങളും അരങ്ങേറും.നാടകമത്സരത്തിലേക്കുള്ള പ്രവേശനം സൗജന്യമാണ്. മത്സരം ആരംഭിക്കുന്നതിന് കൃത്യം അരമണിക്കൂർ മുമ്പുമാത്രമേ തിയേറ്ററിലേക്ക് പ്രേക്ഷകർക്ക് പ്രവേശനം അനുവദിക്കുകയുള്ളു എന്ന് അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി അറിയിച്ചു

എഫ് സി കുട്ടനെല്ലൂർ നടത്തിയ All India 7's വനിത ഫുട്ബോൾ ടൂർണമെന്റിൽ സീനിയർ കാറ്റഗറിയിലും U-15 കാറ്റഗറിയിലും RUNNERS UP ആയ അവിട്ടത്തൂർ LBSM GIRLS ഫുട്ബോൾ അക്കാദമി.

നജീബ് മാസ്റ്റർ അനുസ്മരണവും ദുആ മജ്‌ലിസും സംഘടിപ്പിച്ചു

കാഞ്ഞാണി: നമ്മളിൽ നിന്നും വിട്ടു പിരിഞ്ഞ മുസ്ലിംലീഗ് അന്തിക്കാട് പഞ്ചായത്ത് മുൻ പ്രസിഡണ്ടും, കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ തൃശ്ശൂർ ജില്ലാ സെക്രട്ടറിയും, മുറ്റിച്ചൂർ എൽ പി സ്കൂൾ അറബിക് അധ്യാപകനും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മേഖലയിലെ പ്രവർത്തകൻ കൂടിയായ കെ കെ നജീബ് മാസ്റ്ററുടെ വിയോഗത്തിൽ അന്തിക്കാട് പഞ്ചായത്ത് മുസ്ലിം ലീഗ് സംഘടിപ്പിച്ച അനുസ്മരണ സമ്മേളനത്തിൽ വിവിധ രാഷ്ട്രീയ സാംസ്കാരിക ഭാരവാഹികളും നേതാക്കളും സംസാരിച്ചു.

മുറ്റിച്ചൂർ സുബുലുൽ ഹുദാ മദ്രസ ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ അന്തിക്കാട് പഞ്ചായത്ത് മുസ്ലിം ലീഗ് പ്രസിഡണ്ട് ഉസ്മാൻ ഹാജി എടയാടി അധ്യക്ഷനായിരുന്നു. പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറി അഷറഫ് പണിക്കവീട്ടിൽ സ്വാഗതം പറഞ്ഞു. തൃശ്ശൂർ ജില്ലാ മുസ്ലിം ലീഗ് പ്രസിഡണ്ട് സി എ മുഹമ്മദ് റഷീദ് ഉദ്ഘാടനം ചെയ്തു. അന്തിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജീന നന്ദൻ, ശാഹുൽ ഹമീദ് മുസ്ലിയാർ (സദർ SHM) ഈസ വലിയകത്ത് (മഹല്ല് സെക്രട്ടറി), ALPS അധ്യാപകൻ ബൈജു മാസ്റ്റർ, KB രാജീവ് (കോൺഗ്രസ്സ്) ചാക്കോ മാഷ് (CPM) ജോസ് വാവേലി (കേരള ജേർണലിസ്റ്റ് യൂണിയൻ സംസ്ഥാന കമ്മിറ്റിയംഗം) ഹബീബുള്ള മുറ്റിച്ചൂർ (പ്രസിഡന്റ് തൃശൂർ ജില്ലാ കെഎംസിസി കുവൈറ്റ്),